©
**കേരള സർക്കാർ**
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9** Vol. IX | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2020 നവംബർ 13** 13th November 2020 **1196 തുലാം 28** 28th Thulam 1196 **1942 കാർത്തികം 22** 22nd Karthika 1942 | **നമ്പർ** No. | **2789** |

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നം.70/2020/ത.സ്വ.ഭ.വ                തിരുവനന്തപുരം, 2020 നവംബർ 13

**എസ്. ആർ. ഒ. നമ്പർ 826/2020**

1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994–ലെ 13) 151–ാം വകുപ്പ് (2)–ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, 2020 നവംബർ 15, 2020 നവംബർ 18, 2020 നവംബർ 25, 2020 നവംബർ 28, 2020 നവംബർ 29, 2020 നവംബർ 30, 2020 ഡിസംബർ 4, 2020 ഡിസംബർ 16, 2020 ഡിസംബർ 18, 2020 ഡിസംബർ 21, 2020 ഡിസംബർ 25, 2021 ജനുവരി 15, 2021 ജനുവരി 31 എന്നീ തീയതികളിൽ കാലാവധി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അവസാനിക്കുന്ന സംസ്ഥാനത്തെ ഓരോ പഞ്ചായത്തിന്റെയും കാലാവധി അവസാനിക്കുന്നതു മുതൽ, 2020–ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനു ശേഷം പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതുവരെയുള്ള കാലയളവിലേക്ക് അങ്ങനെയുള്ള ഓരോ പഞ്ചായത്തിന്റെയും ഭരണ നിർവ്വഹണത്തിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥരായ മൂന്നംഗങ്ങളുൾപ്പെടുന്ന ഓരോ ഭരണ നിർവഹണ കമ്മിറ്റിയെ വീതം താഴെപ്പറയുന്ന പ്രകാരം നിയമിച്ചുകൊണ്ട് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:–

## ഭരണ നിർവ്വഹണ കമ്മിറ്റികളുടെ ഘടന

(എ) ബ്ലോക്ക് പഞ്ചായത്ത്:–

(1) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി;

(2) ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ;

(3) ബ്ലോക്ക് പഞ്ചായത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ.

(ബി) ഗ്രാമ പഞ്ചായത്ത്:–

(1) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി;

(2) ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ;

(3) ഗ്രാമ പഞ്ചായത്തിലെ കൃഷി ഓഫീസർ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കോവിഡ്–19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, നിലവിലുള്ള പഞ്ചായത്തുകളുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ പഞ്ചായത്ത് രൂപീകരിക്കാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020-ലെ പൊതുതെരഞ്ഞെടുപ്പ് ക്രമീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

2020 നവംബർ 11-ാം തീയതി കാലാവധി അവസാനിച്ച സംസ്ഥാനത്തെ പഞ്ചായത്തുകളുടെ ഭരണ നിർവഹണത്തിനായി സർക്കാർ ഉദ്യോഗസ്ഥരായ മൂന്ന് അംഗങ്ങളുൾപ്പെടുന്ന ഒരു ഭരണ നിർവഹണ കമ്മിറ്റിയെ നിയമിച്ചുകൊണ്ട് 2020 നവംബർ 10-ാം തീയതിയിലെ 2724-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 811/2020 ആയി പ്രസിദ്ധപ്പെടുത്തിയ 2020 നവംബർ 9-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 66/2020/ത.സ്വ.ഭ.വ. വിജ്ഞാപനപ്രകാരം ഉത്തരവായിരുന്നു. എന്നാൽ സംസ്ഥാനത്തെ ചില പഞ്ചായത്തുകളുടെ കാലാവധി 2020 നവംബർ 15, 2020 നവംബർ 18, 2020 നവംബർ 25, 2020 നവംബർ 28, 2020 നവംബർ 29, 2020 നവംബർ 30, 2020 ഡിസംബർ 4, 2020 ഡിസംബർ 16, 2020 ഡിസംബർ 18, 2020 ഡിസംബർ 21, 2020 ഡിസംബർ 25, 2021 ജനുവരി 15, 2021 ജനുവരി 31 എന്നീ തീയതികളിലാണ് അവസാനിക്കുന്നത്. പ്രസ്തുത പഞ്ചായത്തുകളുടെ കാലാവധി അവസാനിക്കുന്നതിനും 2020-ലെ പൊതുതെരഞ്ഞെടുപ്പിനു ശേഷം പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിനും ഇടയിലുള്ള കാലയളവിലേക്ക്, പഞ്ചായത്തുകളുടെ ഭരണ നിർവഹണത്തിനായി ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 151-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, ഒരു പഞ്ചായത്തിന്റെ കാലാവധി അവസാനിക്കുകയും ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കാതിരിക്കുകയും ചെയ്യുന്ന സംഗതിയിലോ അല്ലെങ്കിൽ 193-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പിരിച്ചുവിടപ്പെട്ട സംഗതിയിലോ സർക്കാരിന് പഞ്ചായത്തിന്റെ ഭരണ നിർവഹണത്തിനു വേണ്ടി ഗസറ്റ് വിജ്ഞാപനത്തിലൂടെ ഒരു സ്പെഷൽ ആഫീസറെയോ അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥരായ മൂന്നിൽ കുറയാത്ത അംഗങ്ങളുള്ള ഒരു ഭരണ നിർവഹണ കമ്മിറ്റിയെയോ നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിൻപ്രകാരം മേൽപ്പറഞ്ഞ തീയതികളിൽ കാലാവധി അവസാനിക്കുന്ന പഞ്ചായത്തുകളുടെ ഭരണ നിർവഹണത്തിനു വേണ്ടി ഓരോ ഭരണ നിർവഹണ കമ്മിറ്റി വീതം നിയമിക്കുവാൻ, സർക്കാർ, തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

Digitally signed by Salim A
Date:2020.11.13 08:29:35 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/